ഉത്തരം

(എ&ബി) ഉണ്ട്. തിരുവനന്തപുരം വെള്ളനാട് സത്യസായി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗം വിദ്യാർത്ഥിനിയായ കുമാരി അർച്ചന ആത്മഹത്യാ ശ്രമം നടത്തിയതുമായി ബന്ധപ്പെട്ട് സി.ഐ.ഡി. സ്പെഷ്യൽ ബ്രാഞ്ചിലെ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 18-11-2017-ലെ 2434/ ഡിവൈ.എസ്.പി./ എസ്.ബി.റ്റി.ആർ./ 2017 പ്രകാരം ടി സ്കൂൾ അദ്ധ്യാപകർക്ക് കൗൺസിലിംഗ് നൽകണമെന്ന് ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിജിലൻസ് വിഭാഗത്തിൽ ലഭിക്കുകയും ആയതിൽ അന്വേഷണം നടത്തി ടി സ്കൂളിന്റെ അംഗീകാരം സംബന്ധിച്ച വിവരങ്ങളടക്കം ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹയർ സെക്കണ്ടറി - പൊതുവിദ്യാഭ്യാസ ലയനം**

161(2661) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വകുപ്പും-പൊതു വിദ്യാഭ്യാസ വകുപ്പും തമ്മിൽ ലയിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ഘടനാപരവും അക്കാദമികവുമായ മാറ്റങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. എം. എ. ഖാദർ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോം വിതരണം**

162(2662) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂൾ കുട്ടികൾക്ക് നല്കുവാനുള്ള യൂണിഫോമിനുവേണ്ടിയുള്ള തുണി വിതരണത്തെ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly